ശ്യ

**കവർസ്റ്റോറി**



# സംഘ്പരിവാറിന്റെ വിശ്വരൂപം

**സദ്റുദ്ദീൻ വാഴക്കാട്**

**ആര്യബ്രാഹ്മണിക വംശീയതയിലധിഷ്ഠിതമായ ഹിന്ദുത്വരാഷ്ട്രം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന അനേകം സംഘടനകളുടെയും ഗ്രൂപ്പുകളുടെയും കൂട്ടായ്മയാണ് 'സംഘ്പരിവാർ.' നിരവധി വർഷങ്ങളെടുത്ത്, ആസൂത്രിതമായി, ശ്രദ്ധാപൂർവം വളർത്തിയെടുക്കപ്പെട്ട സംഘ്സംഘടനകളുടെ സ്വാധീനമെത്താത്ത മേഖലകളുണ്ടോ എന്ന് സംശയമാണ്.**

**2008** നവംബർ ആദ്യവാരത്തിൽ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട അമേരിക്കൻ വാർത്തകളിലൊന്ന്, യു.എസ് പ്രസിഡന്റ് ബറാക് ഹുസൈൻ ഒബാമയുടെ ഉപദേശകസമിതി (transition team)യെ കുറിച്ചുള്ളതായിരുന്നു. ഇന്ത്യൻ മാധ്യമങ്ങളിൽ ഇത് രണ്ടു കാരണങ്ങളാൽ പ്രത്യകം ശ്രദ്ധിക്കപ്പെട്ടു. ഒന്ന്, ട്രാൻസിഷൻ ടീമിലെ അംഗമായി ഇന്ത്യൻ-അമേരിക്കൻ സാമ്പത്തിക വിദഗ്ധയായ നാൽപതുകാരി സൊണാൽ ഷാ തെരഞ്ഞെടുക്കപ്പെട്ടു എന്നതാണ്.

1970-ൽ ന്യൂയോർക്കിലെത്തിയ ഗുജറാത്ത് സ്വദേശി രമേശ് ഷായുടെ മകളാണ് സൊണാൽഷാ. ഗുജറാത്തിൽ ജനിച്ചുവളർന്ന സൊണാൽ മാതാവിനോടും സഹോദരിയോടുമൊപ്പം 1972-ലാണ് ന്യൂയോർക്കിലെത്തിയത്. ചിക്കാഗോ യൂനിവേഴ്സിറ്റിയിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടിയ അവർ, ഡ്യൂക് യൂനിവേഴ്സിറ്റി(Duke University)യിൽനിന്ന് അതേ വിഷയത്തിൽ ബിരുദാനന്തര ബിരുദവും

**ലോകം കണ്ടതിൽവെച്ചേറ്റവും വലിയ ഭീകരവാദിക ളിൽപെട്ട ഹിറ്റ്ലറും മുസോളിനിയും സംഘ്നേതാക്കളുടെ ആരാധ്യപുരുഷന്മാരായിരുന്നു. അവരുടെ കൃതികളിൽ ജർമനിയിലെ ഹിറ്റ്ലറെയും ഇറ്റലിയിലെ മുസോളിനി യെയും മാതൃകാ വ്യക്തിത്വങ്ങളായി അവതരിപ്പിക്കുകയും അവരുടെ പ്രവർത്തന രീതികളാണ് ഇന്ത്യയിൽ നടപ്പിലാ ക്കേണ്ടതെന്ന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.**

നേടി. 1995-2001 കാലത്ത് യു.എസ് ട്രഷറി ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്ത സൊ ണാൽഷാ സബ്സഹാറൻ ആഫ്രിക്കക്കു വേണ്ടിയുള്ള വേൾഡ് ബാങ്കിന്റെയും ഐ.എം.എഫിന്റെയും പദ്ധതികൾക്ക് മേൽനോട്ടംവഹിക്കുന്ന ഓഫീസിന്റെ ഡയറക്ടർ, ബോസ്നിയ-കൊസോവ സാമ്പത്തിക മന്ത്രാലയത്തിലെ ഉദ്യോഗ സ്ഥ, ഏഷ്യൻ സാമ്പത്തിക കാര്യങ്ങൾ ക്കായുള്ള യു.എസ് ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറിയുടെ സീനിയർ അഡ്വൈസർ, സെന്റർ ഫോർ ഗ്ലോബൽ ഡവലപ്മെ ന്റ്സിന്റെ ഡയറക്ടർമാരിലൊരാൾ, ഗോൾഡ്മാൻ സാച്ചസ് വൈസ് പ്രസി ഡന്റ് തുടങ്ങിയ തസ്തികകളിൽ ജോലി ചെയ്തിട്ടുണ്ട്. 2007-ൽ ഗൂഗ്ളിന്റെ (google.org) ആഗോള വികസന വിഭാ ഗത്തിന്റെ (Global Development Initiatives) അധ്യക്ഷയായി നിയമിക്കപ്പെട്ട അവർ, ഹെൻറി ക്രൗൺ ഫെലോഷിപ്പ് (Henry Crown Fellowship, Aspen Institute, 2006), നെക്സ്റ്റ് ജനറേഷൻ ഫെലോ (Next Generation Fellow, America Assembly, Columbia University, 2007), 2003-ലെ മികച്ച വ്യക്തിത്വം (India Abroad person of the year 2003) തുട ങ്ങിയ അംഗീകാരങ്ങളും നേടിയിട്ടുണ്ട്.

ഒബാമയുടെ ഉപദേശക സമിതി യിൽ സൊണാൽഷാക്ക് അംഗത്വം ലഭി ച്ചത് ഏതൊരു ഇന്ത്യക്കാരനും അഭിമാ നിക്കാവുന്ന നേട്ടമായിരുന്നു. പക്ഷേ, അ മേരിക്കയിൽ താമസിക്കുന്ന മതേതര മന സ്കരായ ഇന്ത്യക്കാരെയും സംഭവത്തി ന്റെ വിശദാംശങ്ങൾ അറിയാവുന്ന ഇന്ത്യ യിലെ ജനങ്ങളെയും ഞെട്ടിക്കുന്ന ഒരു വശം വാർത്തയിലുണ്ടായിരുന്നു; സൊ ണാൽഷായുടെ സംഘ്പരിവാർ ബന്ധം! വാർത്തയെ ശ്രദ്ധാകേന്ദ്രമാക്കിയ രണ്ടാ മത്തെ വശം ഇതായിരുന്നു.

ഇന്ത്യയിലെ ഫാഷിസ്റ്റ് വിഭാഗമായ സംഘ്പരിവാറിന്റെ സജീവപ്രവർത്തക യായ സൊണാൽഷാക്ക് അമേരിക്കൻ പ്ര സിഡന്റിന്റെ ഉപദേശക സമിതിയിൽ അം ഗത്വം ലഭിച്ചത് മതേതര മനസ്കരെ അ സ്വസ്ഥരാക്കുകയും ഹിന്ദുത്വശക്തികളെ സന്തോഷിപ്പിക്കുകയും ചെയ്തു. സൊ ണാൽഷായുടെ സംഘ്ബന്ധത്തെക്കു റിച്ച് വ്യക്തമായ തെളിവുകൾ പുറത്തു വന്നു. മലയാള വാർത്താ മാധ്യമങ്ങളിൽ അർഹമായ ഇടംകിട്ടാതെപോയ ആ ബ ന്ധത്തിന്റെ തെളിവുകൾ:

1) സൊണാൽഷാ, വി.എച്ച്.പി അ മേരിക്ക(VHPA)എന്ന സംഘ്പരിവാർ സം ഘടനയിലെ മെമ്പറാണ്. വി.എച്ച്.പി അമേരിക്കയുടെ സെക്രട്ടറി ശ്യാം തിവാരി (Shyam Tiwari) *സൺഡേ എക്സ്പ്രസി* നോട് ഇത് സമ്മതിച്ചിട്ടുണ്ട്.

2) 2001-ലെ ഗുജറാത്ത് ഭൂകമ്പ ദുരി തബാധിതർക്കുവേണ്ടി അമേരിക്കയിൽ VHPA നടത്തിയ ഫണ്ട് കലക്ഷന് നേ തൃത്വം കൊടുത്തത് സൊണാൽഷാ ആ യിരുന്നു. ഈ ഫണ്ട് ഹിന്ദുത്വവാദികൾ സ്വന്തം താൽപര്യാനുസാരം വിനിയോ ഗിക്കുകയും 2002-ലെ ഗുജറാത്ത് മുസ് ലിം വിരുദ്ധ കലാപത്തിന് ഉപയോഗിക്കു കയും ചെയ്തതായി റിപ്പോർട്ടുകളുണ്ട്.

3) സംഘ്പരിവാറിന്റെ ഏകൽ വി ദ്യാലയങ്ങളുടെയും വനവാസി കല്യാൺ പരിഷത്തിന്റെയും പ്രവർത്തനങ്ങളിലെ പങ്കാളിത്തം. 2004-ൽ ഫ്ളോറിഡയിലെ മിയാമിൽ നടന്ന ഏകൽ വിദ്യാലയ ഫൗ ണ്ടേഷന്റെ (EVFA) സമ്മേളനത്തിൽ അ ധ്യക്ഷത വഹിച്ചത് സൊണാൽ ആയിരു ന്നു.

4) ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിയെ അമേരിക്കയിലേക്ക് കൊണ്ടു വരാനുള്ള ശ്രമത്തിന് ചുക്കാൻപിടിച്ചത് സൊണാൽഷാ ആയിരുന്നു. പക്ഷേ, മോ ഡിക്ക് യു.എസ് വിസ നിഷേധിച്ചു. മുഖ്യ മന്ത്രിയാകും മുമ്പ് യു.എസ് സന്ദർശിച്ച നരേന്ദ്രമോഡി അന്ന് സൊണാൽഷായു മായി കൂടിക്കാഴ്ച നടത്തിയിരുന്നു.

5) സൊണാൽഷായുടെ പിതാവ് രമേശ്ഷാ സജീവ സംഘ്പരിവാർ പ്ര വർത്തകനും ബി.ജെ.പിയുടെ അമേരി ക്കൻ ശാഖ (Overseas Friends of Bharatiya Janatha Party -OF BJP-) യുടെ നേതാവുമാണ്. 2004-ലെ തെരഞ്ഞെടു പ്പിൽ അദ്വാനിക്കുവേണ്ടി പ്രചാരണത്തി നിറങ്ങിയിരുന്ന അദ്ദേഹം, അദ്വാനിയുടെ ഭാരത് ഉദയ് യാത്രയിലും പങ്കെടുത്തിരു ന്നു. ആർ.എസ്.എസിന്റെ വളണ്ടിയറുമാ യിരുന്നു രമേശ്.

6. മാതാവ്, ഓഫ് ബി.ജെ.പിയുടെ ഹൂസ്റ്റൺ ചാപ്റ്ററിന്റെ കോ-ഓർഡിനേ റ്ററാണ്.

(Hindustan Times Political Bureau- NewDelhi - November 8, 2008, http:// en.wikipedia.org/wiki/sonal-shah, National Journal online - Lost in Transition - December 10, 2008)

സൊണാൽഷായുടെ ഈ അം ഗത്വം ഗൗരവത്തിലെടുക്കേണ്ടതില്ലാത്ത ഒരു യാദൃഛികതയായി കാണാൻ സം ഘ്പരിവാറിന്റെ ആസൂത്രിത, ദീർഘകാ ലാധിഷ്ഠിത പദ്ധതികളെയും പ്രവർത്ത ന രീതികളെയും സംഘടനാ സംവിധാ നത്തെയും നുഴഞ്ഞുകയറ്റ അജണ്ടയെ യും കുറിച്ച് മനസ്സിലാക്കിയവർക്ക് സാധി ക്കുകയില്ല. ലോകം മുഴുവൻ ഇസ്ലാം വേട്ടക്കിറങ്ങുന്ന അമേരിക്കയുടെ പ്രധാ നപ്പെട്ട ഒരു തസ്തികയിൽ ഒരു സംഘ്പ രിവാർ പ്രവർത്തകക്ക് ഇടംകിട്ടുന്നതിന് ഒരുപാട് അർഥതലങ്ങളുണ്ട്. ഫണ്ടിംഗ് നടത്തുന്ന സാമ്പത്തിക രംഗവും ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന 'ഗൂഗ്ൾ' എന്ന മീഡിയയുമാണ് സൊണാൽഷായു ടെ പ്രവർത്തന മണ്ഡലമെന്നത് വിഷയ ത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. സം ഘ്പരിവാറിനെക്കുറിച്ച ഗൗരവപൂർണമാ യ ആലോചനകൾക്കാണ് ഇത് നമ്മെ പ്രേരിപ്പിക്കേണ്ടത്.

## സംഘ്പരിവാർ

'ഐക്യകുടുംബം' എന്നാണ് സം ഘ്പരിവാറിന്റെ അർഥം. ആര്യബ്രാഹ്മ ണിക വംശീയതയിലധിഷ്ഠിതമായ ഹി ന്ദുത്വരാഷ്ട്രം കെട്ടിപ്പടുക്കുക എന്ന ല ക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന അ നേകം സംഘടനകളുടെയും ഗ്രൂപ്പുകളു ടെയും കൂട്ടായ്മയാണ് 'സംഘ്പരിവാർ.' നിരവധി വർഷങ്ങളെടുത്ത്, ആസൂത്രിത മായി, ശ്രദ്ധാപൂർവം വളർത്തിയെടുക്ക പ്പെട്ട സംഘ്സംഘടനകളുടെ സ്വാധീ നമെത്താത്ത മേഖലകളുണ്ടോ എന്ന് സംശയമാണ്. വിദ്യാഭ്യാസം, വേദാധ്യാ പനം, ഭരണനിർവഹണം, മീഡിയ, രാഷ്ട്രീയം, ചരിത്രം, പുരാവസ്തുപഠനം, സംഗീതം, ജനസേവനം, കായിക പരി ശീലനം, ശിശുപരിപാലനം, ദുരിതാശ്വാ സം, ഗിരിവർഗക്ഷേമം, ആരോഗ്യം,

സ്ത്രീ സംഘാടനം തുടങ്ങി സർവരംഗങ്ങളിലും വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നവയാണ് സംഘ്സംഘടനകൾ.

ബൗദ്ധികവും സാംസ്കാരികവും, ആത്മീയവും രാഷ്ട്രീയവും, സൈനികവും സേവനപരവുമായ മേഖലകളെയെല്ലാം കോർത്തിണക്കിക്കൊണ്ടുള്ള സംഘ്പ്രവർത്തനങ്ങൾ രാജ്യത്തിന്റെ ഏതാണ്ടെല്ലാ മേഖലകളിലും വേരുകളാഴ്ത്തിയിട്ടുണ്ട്. ആയിരക്കണക്കിന് സ്കൂളുകൾ, അനേകം ഭാഷകളിൽ വിപുലമായ പത്ര-പുസ്തക പ്രസിദ്ധീകരണാലയങ്ങൾ, ചരിത്ര രചനാ സമിതികൾ, കലാസാഹിത്യസംഘങ്ങൾ, ക്ഷേത്രോദ്ധാരണ കമ്മിറ്റികൾ, പഠന-ഗവേഷണ സ്ഥാപനങ്ങൾ, മഹിളാ സംഘടനകൾ, തൊഴിലാളി സംഘടനകൾ, ആയുധ പരിശീലന വിംഗുകൾ തുടങ്ങിയവ സംഘ്പരിവാർ സംഘടനകളുടെ വ്യാപകത്വവും വ്യവസ്ഥാപിതത്വവും അമ്പരപ്പിക്കുന്നതാണ്.

## വിദ്വേഷത്തിന്റെ പ്രത്യയശാസ്ത്രം

ആര്യ-ബ്രാഹ്മണിക വംശീയതയാണ് സംഘ്പരിവാറിന്റെ പ്രത്യയശാസ്ത്രം. അസഹിഷ്ണുത, പരമതവിദ്വേഷം, ഹിംസാത്മകത, കുപ്രചാരണം, വംശവിശുദ്ധിവാദം, തീവ്രദേശീയത്വം തുടങ്ങിയവ മുഖമുദ്രയാക്കിയ സംഘ്പരിവാറിന് നൽകാവുന്ന ഏറ്റവും യോജിച്ച വിശേഷണങ്ങളിലൊന്നാണ് 'മിലിറ്റന്റ് ഹിന്ദുത്വം.' ശത്രുക്കളായ അപരന്മാരെ സൃഷ്ടിക്കുകയും അവരെ സായുധമായി ഉന്മൂലനം ചെയ്യണമെന്ന് പഠിപ്പിക്കുകയും അതിന് ഭീകരമായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്ത ഹിറ്റ്ലറും മുസോളിനിയുമാണ് സംഘ്പരിവാറിന് മാതൃക. ഹിറ്റ്ലറുടെ ജർമൻ നാസിസത്തിന്റെയും മുസോളിനിയുടെ ഇറ്റാലിയൻ ഫാഷിസത്തിന്റെയും ഇന്ത്യൻ പതിപ്പാണ് സംഘ്പരിവാർ. ശുദ്ധമായ ആര്യരക്തത്തെക്കുറിച്ചാണ് ഹിറ്റ്ലർ സംസാരിച്ചത്; സംഘ്പരിവാർ ഉയർത്തിപ്പിടിക്കുന്നതും അതുതന്നെ.

സംഘ്ഭീകരതക്ക് പ്രത്യയശാസ്ത്ര അടിത്തറ പണിതവരിൽ പ്രമുഖരാണ് ഗോൾവാൾക്കർ, ഹെഡ്ഗെവാർ, ബി.എസ് മൂഞ്ചേ തുടങ്ങിയവർ. ലോകം കണ്ടതിൽവെച്ചേറ്റവും വലിയ ഭീകരവാദികളിൽപെട്ട ഹിറ്റ്ലറും മുസോളിനിയും സംഘ്നേതാക്കളുടെ ആരാധ്യപുരുഷന്മാരായിരുന്നു. അവരുടെ കൃതികളിൽ ജർമനിയിലെ ഹിറ്റ്ലറെയും ഇറ്റലിയിലെ മുസോളിനിയെയും മാതൃകാ വ്യക്തിത്വങ്ങളായി അവതരിപ്പിക്കുകയും അവരുടെ പ്രവർത്തന രീതികളാണ് ഇന്ത്യയിൽ നടപ്പിലാക്കേണ്ടതെന്ന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. എം.എസ് ഗോൾവാൾക്കർ എഴുതുന്നു: "വംശത്തിന്റെയും സംസ്കാരത്തിന്റെയും വിശുദ്ധി കാത്തുരക്ഷിക്കാൻ ജർമനി അവിടുത്തെ സെമിറ്റിക് വംശജരെ (ജൂതന്മാരെ) ഉന്മൂലനം ചെയ്തുകൊണ്ട് ലോകത്തെ അമ്പരപ്പിച്ചിരിക്കുന്നു. വംശാഭിമാനത്തിന്റെ ഉന്നതമാതൃക അവിടെ പ്രകടമാക്കപ്പെട്ടിരിക്കുന്നു. ഹിന്ദുസ്ഥാനിൽ നമുക്ക് പഠിക്കാനും നേട്ടമുണ്ടാക്കാനും പറ്റിയ നല്ല ഒരു പാഠമാണിത്" (We or Our Nationhood Defined)

ഹെഡ്ഗെവാറുടെ ഉറ്റസുഹൃത്തും സംഘ്പരിവാറിന്റെ രാഷ്ട്രീയ ചിന്തകനുമായിരുന്ന ബി.എസ് മൂഞ്ചേയാണ് ഹിറ്റ്ലർ-മുസോളിനീ വികസന മാതൃക ഇന്ത്യയിലും നടപ്പിലാക്കണമെന്ന ചിന്താഗതിയുടെ ബുദ്ധികേന്ദ്രം. 1931-ൽ മൂഞ്ചേ ഒരു യൂറോപ്യൻ പര്യടനം നടത്തി. മിലിട്ടറി കോളേജ്, സൈനിക പരിശീലന കേന്ദ്രങ്ങൾ, ഫാഷിസ്റ്റ് അക്കാദമി ഓഫ് ഫിസിക്കൽ എജുക്കേഷൻ, ബലില്ല-അവൻ ഗ്വാഡിസ്റ്റ് ഓർഗനൈസേഷനുകൾ തുടങ്ങിയവ സന്ദർശിച്ചു. മുസോളിനിയുമായി കൂടിക്കാഴ്ച നടത്തി. 6 വയസ്സുമുതൽ 18 വയസ്സുവരെ പ്രായമുള്ള ആൺകുട്ടികളെ സായുധ പരിശീലനം നൽകി ഫാഷിസ്റ്റുകളാക്കി വളർത്തിയെടുക്കാനുള്ളവയായിരുന്നു ബലില്ല-അവൻഗ്വാഡിസ്റ്റ് ഓർഗനൈസേഷനുകൾ. മുസോളിനിയെ അഭിനന്ദിച്ചും അദ്ദേഹത്തിന് വിജയം നേർന്നും 'താങ്കളുടെ മാതൃക ഞങ്ങൾ ഇന്ത്യയിലും നടപ്പിലാക്കും' എന്ന് പ്രഖ്യാപിച്ചുമാണ് മൂഞ്ചേ ഇന്ത്യയിലേക്ക് മടങ്ങിയത്. ആർ.എസ്.എസിന്റെ ഘടനയും പ്രത്യയശാസ്ത്രവും സംഘ്പരിവാറിന്റെ സംഘടനാ സംവിധാനവുമൊക്കെ രൂപപ്പെടുത്തുന്നതിൽ ജർമൻ-ഇറ്റലി മാതൃക മുമ്പിൽ വെച്ചുകൊണ്ട് മൂഞ്ചേ ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

*കേന്ദ്ര ഹിന്ദു മിലിട്ടറി സമൂഹത്തിനും അതിന്റെ സൈനിക സ്കൂളിനുമുള്ള പദ്ധതിയുടെ ആമുഖം* (Preface to the scheme of the Central Hindu Military Society and its Military School) എന്ന കൃതിയിൽ തന്റെ സ്വപ്നം മൂഞ്ചേ അവതരിപ്പിച്ചിട്ടുണ്ട്: "ഇന്ത്യയിലുടനീളം ഹിന്ദുയിസത്തെ ക്രമീകരിക്കാൻ പഴയ ശിവജിയെയോ വർത്തമാനകാലത്തെ ഇറ്റലിയിലെ മുസോളിനിയെയോ ജർമനിയിലെ ഹിറ്റ്ലറെയോ പോലുള്ള ഒരു ഹിന്ദു ഏകാധിപതി ഉണ്ടാകണം. അതുവരെ നാം കൈയുംകെട്ടി നോക്കിനിൽക്കാതെ ശാസ്ത്രീയമായ ഒരു പദ്ധതിയുണ്ടാക്കി പ്രവർത്തിക്കണം" എന്ന് മൂഞ്ചേ പ്രഖ്യാപിച്ചു. മൂഞ്ചേയുടെ ഡയറിക്കുറിപ്പുകളിൽ ഇറ്റലി-ജർമൻ മാതൃകയിലുള്ള ഫാഷിസ്റ്റ് ഹിന്ദുയിസത്തെക്കുറിച്ച കാഴ്ചപ്പാടുകൾ വിവരിച്ചിട്ടുണ്ട്. ഇറ്റാലിയൻ ഗവേഷക മാർസിയ കസൊലാമി ഇന്ത്യൻ രാഷ്ട്രീയത്തെക്കുറിച്ചു നടത്തിയ ഗവേഷണത്തിൽ ഈ വിഷയവും ആഴത്തിൽ വിശകലനം ചെയ്തിട്ടുണ്ട്. മൂഞ്ചേയുടെ ഡയറിക്കുറിപ്പുകളുടെ വിശദാംശങ്ങളും മാർസിയയുടെ കൃതിയിലുണ്ട് (Hindutwa's Foreign Tie-up in the 1930's: Archival Evidence: The Economic And Political Weekly - 2000, January 22, p. 218-228).

ഹിറ്റ്ലർ ജർമനിയിലും മുസോളിനി ഇറ്റലിയിലും നടപ്പിലാക്കിയതുതന്നെയാണ് ഗുജറാത്തിലും ഒറീസയിലും ഉൾപ്പെടെ ഇന്ത്യയിലുടനീളം സംഘ്പരിവാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മതന്യൂനപക്ഷങ്ങളെ ഉന്മൂലനം ചെയ്യാനുള്ള സംഘ്പരിവാറിന്റെ ആഹ്വാനങ്ങൾക്ക് ധാരാളം തെളിവുകൾ അവരുടെ കൃതികളിൽനിന്നും ഉദ്ധരിക്കാനാകും. ഇന്ത്യൻ തെരുവുകൾ, അതിനുവേണ്ടി അവർ നടത്തിയ കർമ പദ്ധതികളുടെ ദൃക്സാക്ഷി വിവരണവും നൽകും. ഹിറ്റ്ലറിൽനിന്നും നരേന്ദ്രമോഡിയിലേക്കുള്ള ദൂരം ജർമൻ ഫാഷിസത്തിൽനിന്ന് ഇന്ത്യൻ ഫാഷിസത്തിലേക്കുള്ള അകലമില്ലായ്മയെ അടയാളപ്പെടുത്തുന്നു. മോഡിയുടെ അനന്തരാവകാശിയാകാനുള്ള പരീക്ഷയെഴുതിക്കൊണ്ടിരിക്കുന്ന വരുൺ ഗാന്ധിയും ഹിറ്റ്ലർ-മുസോളിനി മനസുതന്നെയില്ലേ പേറുന്നത്? സംഘ്പരിവാറിന്റെ ശത്രുക്കളുടെ ലിസ്റ്റിൽ ഒന്നാം സ്ഥാനത്ത് നിർത്തപ്പെട്ടിരിക്കുന്നത് മുസ്‌ലിംകളാണെന്നതിന്റെ തെളിവുകളൊന്നും ഇനിയും ചർവിതചർവണം ചെയ്യേണ്ടതില്ല. (we or Nationhood defined. page 47-48, Bunch of Thought p. 177-193, Secular Democracy-Delhi 1979 April page 13-20, സമാചാർ സവർക്കർ വാങ്മയ-ഹിന്ദുമഹാസഭ, പുനെ 1963, പേജ് 296, ഓർഗനൈസർ - ആർ.എസ്.എസ് മുഖപത്രം ജനുവരി 4 1950 പേജ് 12-15).

അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് വരുൺ ഗാന്ധിയുടെ വിവാദ പ്രസംഗം. വിചാരധാരയിലെ വിഷം ചീറ്റുന്ന വരികളാണ് വരുൺഗാന്ധിയുടെ

**ഗാന്ധിജിയെ വെടിവെച്ചുകൊന്ന നാഥുറാം ഗോഡ്സെയുടെ തോക്ക് വരുൺമാരുടെ നാവുകളുടെ രൂപത്തിൽ ഇന്ത്യയുടെ വിരിമാറിലേക്ക് നിറയൊഴിച്ചുകൊണ്ടേയിരിക്കുകയാണ്. മുസ്‌ലിം തീവ്രവാദത്തിനു പിന്നിലെ ദർശനം തെരയുന്നവർ എന്തുകൊണ്ട് വരുണിന്റെ വർഗീയാക്രോശത്തിനു പിന്നിലെ ഫാഷിസ്റ്റ് പ്രത്യയശാസ്ത്രം കാണാതെ പോകുന്നു.**



നാവിലൂടെ പുറത്തേക്കു വമിച്ച വർഗീയതയുടെ ആക്രോശങ്ങൾ. സംഘ്പരിവാർ പഠിപ്പിച്ചതെന്തോ, അതു തന്നെയാണ് വരുൺ പറഞ്ഞത് (2009 മാർച്ച് 6-ന് ഉത്തർപ്രദേശിലെ പിലിബിറ്റിൽ മേനകഗാന്ധിയുടെ പുത്രനും ബി.ജെ.പിയുടെ പാർലമെന്റ് സ്ഥാനാർഥിയുമായ വരുൺ ഗാന്ധി നടത്തിയ പ്രസംഗം: - Thaindian News-www.thaindian.com March 17, 2009). 'മുസ്‌ലിംകളുടെ തലയറുക്കുന്ന കൈയാണിതെന്നും താമരത്തണ്ട് മുസ്‌ലിംകളുടെ കഴുത്തിലെ മരണക്കയറാണെന്നു'മുള്ള തീവ്രവർഗീയവാദം ഒരു ജനാധിപത്യ മതേതരരാജ്യത്ത് പരസ്യമായി ഉയർത്താൻ ഒരു വ്യക്തിയെ ധൃഷ്ടനാക്കുന്ന പ്രത്യയശാസ്ത്രത്തെത്തന്നെയാണ് നാം പ്രതിക്കൂട്ടിൽ നിർത്തി വിചാരണ ചെയ്യേണ്ടത്. പ്രസംഗത്തെക്കുറിച്ച വിവാദം, സി.ഡിയിലെ കൃത്രിമത്വത്തിലും തെരഞ്ഞെടുപ്പ് ചട്ടലംഘനത്തിലും ഗാന്ധി പേരിലും മറ്റും പരിമിതപ്പെട്ടുപോകുമ്പോൾ വിജയിക്കുന്നത് ഹിന്ദുത്വ ഫാഷിസത്തിന്റെ പ്രത്യയശാസ്ത്രമാണ്. മുസ്‌ലിം തീവ്രവാദത്തിനു പിന്നിലെ ദർശനം തെരയുന്നവർ എന്തുകൊണ്ട് വരുണിന്റെ വർഗീയാക്രോശത്തിനു പിന്നിലെ ഫാഷിസ്റ്റ് പ്രത്യയശാസ്ത്രം കാണാതെ പോകുന്നു. ഗാന്ധിജിയെ വെടിവെച്ചുകൊന്ന നാഥുറാം ഗോഡ്സെയുടെ തോക്ക് വരുൺമാരുടെ നാവുകളുടെ രൂപത്തിൽ ഇന്ത്യയുടെ വിരിമാറിലേക്ക് നിറയൊഴിച്ചുകൊണ്ടേയിരിക്കുകയാണ്. ഹിന്ദുത്വരാഷ്ട്രത്തിലെ ന്യൂനപക്ഷങ്ങളുടെ അവസ്ഥയെന്തായിരിക്കുമെന്നതിന്റെ തെളിവുകൂടിയാണീ വാക്കുകൾ.

### ദലിതർക്കെതിരെ

മുസ്‌ലിംകളും ക്രിസ്ത്യാനികളും കമ്യൂണിസ്റ്റുകാരും മാത്രമല്ല, ദലിതരും താഴ്ന്ന ജാതിക്കാരായി ഗണിക്കപ്പെടുന്ന മറ്റു പിന്നാക്ക ജനവിഭാഗങ്ങളും സിഖ്-ബുദ്ധ-ജൈന മതക്കാരും സംഘ്പരിവാറിന്റെ ശത്രുക്കളുടെ പട്ടികയിലുണ്ട്. സംഘ്പരിവാർ വിഭാവനം ചെയ്യുന്ന ഹിന്ദുത്വ രാഷ്ട്രത്തിൽ ഇന്ത്യയിലെ അധസ്ഥിത ജനവിഭാഗങ്ങൾക്കൊന്നും ഇടമനുവദിക്കപ്പെടുകയില്ല. എന്നാൽ, ദലിത് പിന്നാക്ക ജനങ്ങളോടുള്ള ശത്രുതാപരമായ കാഴ്ചപ്പാട് മറച്ചുവെച്ചുകൊണ്ടാണ് ഇപ്പോൾ സംഘ്പരിവാർ അവരെ വോട്ടുബാങ്കായും ന്യൂനപക്ഷ വിരുദ്ധ കലാപങ്ങളിലെ ആയുധങ്ങളായും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. 1984-ലെ സിഖ് വിരുദ്ധ കലാപത്തിൽ ആർ.എസ്.എസിനും പങ്കുണ്ടായിരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇന്ദിരാ കോൺഗ്രസിനും ആർ.എസ്.എസിനും ഇടക്ക് ഒരു സൗഹൃദം നിലനിന്നിരുന്നതായും സൂചനകളുണ്ട്. ആർ.എസ്.എസ് നേതാവ് വിലാസ്റാവു ദേശ്മുഖിന്റെ ഒരു നയരേഖ അതിന്റെ പ്രധാന തെളിവാണ്. പ്രസ്തുത നയരേഖ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചത് ജോർജ് ഫെർണാണ്ടസ് ആയിരുന്നു. വിധിവൈപരീത്യമെന്നു പറയാം അദ്ദേഹമിപ്പോൾ സംഘ് രാഷ്ട്രീയ പാളയത്തിലാണുള്ളത്! (*പ്രതിപക്ഷ* ഹിന്ദി വാരിക. എഡിറ്റർ ജോർജ് ഫെർണാണ്ടസ്, 1984 നവംബർ 25, ഉദ്ധരണം: Undoing India the RSS way by Shamsul Islam, p. 60)

ദലിതർക്കും അയിത്തജാതിക്കാർക്കുമെതിരെ മനുഷ്യത്വഹീനവും അങ്ങേയറ്റം ക്രൂരവുമായ നിലപാടുകൾ പ്രഖ്യാപിക്കുന്ന മനുസ്മൃതിയാണ് സംഘ്പരിവാർ വിഭാവനം ചെയ്യുന്ന ഹിന്ദുത്വരാഷ്ട്രത്തിന്റെ ഭരണഘടന. മനുസ്മൃതിയനുസരിച്ച് ഭരിക്കപ്പെടുന്ന, മൃഗങ്ങൾ പോലും പൂജിക്കപ്പെടുന്ന ഹിന്ദുത്വ രാഷ്ട്രത്തിൽ ദലിതർക്കും അയിത്ത ജാതിക്കാർക്കും ജീവിക്കാനാവില്ല. അവർക്കതിൽ ഇടംകിട്ടിയാൽ തന്നെയും അത് അടിമപ്പാളയങ്ങളെക്കാൾ ശോചനീയവും നരകതുല്യവുമായിരിക്കും. മനുസ്മൃതിയിലെ ദലിത്-ശൂദ്ര വിഭാഗങ്ങൾക്കെതിരായ മനുഷ്യത്വ വിരുദ്ധ നിയമങ്ങൾ ഇത് വ്യക്തമാക്കുന്നുണ്ട്. സവർണ ബ്രാഹ്മണ്യത്തിന് അടിമവേല ചെയ്യേണ്ട ദലിതരും താഴ്ന്ന ജാതിക്കാരും അതിൽ പിഴവു വരുത്തുകയോ തെറ്റുകൾ പ്രവർത്തിക്കുകയോ ചെയ്താൽ അവർക്ക് നൽകേണ്ട കിരാത ശിക്ഷകളെക്കുറിച്ച് മനുസ്മൃതി വാചാലമാകുന്നുണ്ട്. ശിക്ഷകളുടെയും മറ്റു നിയമങ്ങളുടെയും കാര്യത്തിൽ കടുത്ത അസമത്വമാണ് മനുസ്മൃതിയിലുള്ളത്. ബ്രാഹ്മണനെ 'ഉപദ്രവിക്കുന്ന' ശൂദ്രനെ അംഗഛേദം തുടങ്ങിയ ഭീകരങ്ങളായ ചിത്രവധോപായങ്ങളാൽ കൊല്ലണം തുടങ്ങിയ നിയമങ്ങൾ നടപ്പാക്കപ്പെടുന്ന രാജ്യത്തെക്കുറിച്ചു ചിന്തിച്ചു നോക്കുക! (മനുസ്മൃതി - വിദ്യാരംഭം പബ്ലിഷേഴ്സ്, ആലപ്പുഴ പേജ് 397).

ദലിത് പീഡനങ്ങളിൽ സംഘ്പരിവാറും പങ്കുവഹിക്കുന്നുണ്ട്. ജാതിപീഡനങ്ങൾ ഏറ്റവുമധികം നടമാടുന്നത് ഉത്തരേന്ത്യയിലെ സംഘ്മേധാവിത്വമുള്ള പ്രദേശങ്ങളിലാണ്. അധഃകൃതർ ഏറ്റവുംകൂടുതൽ പീഡിപ്പിക്കപ്പെടുന്ന സംസ്ഥാനമായ ഉത്തർപ്രദേശ് ഉദാഹരണം. പല ദലിത് പീഡനക്കേസുകളിലും സംഘ്പരിവാർ സംഘടനകളിലെ പ്രവർത്തകർ പ്രതികളോ കുറ്റവാളികളുടെ സംരക്ഷകരോ ആണ്. ജാതീയതയെ എതിർക്കുകയോ ജാതിപീഡനങ്ങൾ അവസാനിപ്പിക്കുകയോ ചെയ്യാനുള്ള ഒരു പദ്ധതിയും സംഘ്പരിവാറിനില്ല. സംഘ്പരിവാറിന്റെ നട്ടെല്ലായ ആർ.എസ്.എസ് സ്ഥാപിക്കപ്പെട്ടതുതന്നെ മഹാരാഷ്ട്രയിലെ സവർണ

വരുടെ സംഘടനയായാണ്.

സവർണ മേൽജാതിക്കാരുടെതാൽപര്യങ്ങൾക്കൊപ്പമേ സംഘ്പരിവാർ നിൽക്കുകയുള്ളൂ. 2002 ഒക്ടോബറിൽ ഹരിയാനയിൽ അഞ്ചു ദലിതരെ അടിച്ചു കൊന്ന സംഭവത്തിൽ സംഘ്പരിവാർ സംഘടനകളിലെ പ്രവർത്തകർക്കും പങ്കുണ്ടായിരുന്നുവെന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. (Indian express Delhi October 17, 2002, The Hindu October 21, 2002) ഉത്തർപ്രദേശിൽ ദലിതർക്കെതിരെ സവർണ മേൽജാതിക്കാർ നടത്തുന്ന ക്രൂരമായ അക്രമണങ്ങളെയും ദലിത് സ്ത്രീകളെ ചുട്ടുകൊന്നതിനെയും വിമർശിച്ചുകൊണ്ട് *ഹിന്ദുസ്ഥാൻ ടൈംസ്* എഡിറ്റോറിയൽ എഴുതുകയുണ്ടായി (Hindustan Times Delhi June 20, 2001)

ദൽഹിയിൽ അദ്വാനി പങ്കെടുത്ത ഒരു ചടങ്ങ് അശുദ്ധമാകാതിരിക്കാൻ അവിടെ താമസിച്ചിരുന്ന താഴ്ന്ന ജാതിക്കാരെ ആട്ടിയിറക്കിയതും ഇതോടു ചേർത്തുവായിക്കേണ്ടതാണ്. (The Statesman Delhi- February 5, 2002)വിശദാംശങ്ങൾക്ക് The Dalit cup of woe in Tamilnadu - The Hindu New Delhi July 29, 2002 praying on Dalits Frontline - Chennai, October 4, 2002, Dalit under Siege, Hindustan Times, October 4, 2002)

അസഹിഷ്ണുതയും പകയും കലാപചിന്തയും അക്രമണോത്സുകതയുമാണ് സംഘ്പരിവാറിന്റെ അകക്കാമ്പ്. ദുർബലർക്കും ദുരിതബാധിതർക്കും വേണ്ടി ജനസേവന പ്രവർത്തനങ്ങളിലേർപ്പെടുന്ന ഇതര മതക്കാർക്കെതിരെ അഴിച്ചുവിടുന്ന അക്രമണങ്ങൾ ഇതിന്റെ തെളിവാണ്. അഹിന്ദുക്കളോട് സംസാരിക്കുന്ന ഹിന്ദു പെൺകുട്ടിയെയും അവളുടെ സഹപാഠികളായ അഹിന്ദു സുഹൃത്തുക്കളെയും കൈകാര്യം ചെയ്യുക, ഹിന്ദു വിദ്യാർഥിയുടെ വീട്ടിൽ സന്ദർശനത്തിനെത്തുന്ന മുസ്‌ലിം സുഹൃത്തുക്കളെ കൈയേറ്റം ചെയ്യുകയും വെട്ടിപ്പരിക്കേൽപിക്കുകയും ചെയ്യുക, പർദ ധരിച്ച് കോളേജിലെത്തുന്ന മുസ്‌ലിം പെൺകുട്ടികളെ അക്രമിക്കുക, മതവികാരം വ്രണപ്പെടുത്തുന്നുവെന്നാരോപിച്ച് ചിത്രകാരന്മാരെയും കലാ-സാഹിത്യ പ്രവർത്തകരെയും പീഡിപ്പിക്കുകയും അവരുടെ സൃഷ്ടികൾ നശിപ്പിക്കുകയും ചെയ്യുക തുടങ്ങിയവ സമീപകാലത്ത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും പ്രത്യക്ഷപ്പെട്ടു തുടങ്ങിയ സംഘ്ഭീകരതകൾ അവരുടെ ഫാഷിസ്റ്റ് മുഖം കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്.

ഗുജറാത്ത് കലാപത്തെക്കുറിച്ച് സിനിമാ നടൻ മമ്മൂട്ടി നടത്തിയ പ്രസ്താവനയെതുടർന്ന് തെരുവിലിറങ്ങിയ സംഘ്പരിവാർ സംഘടനകൾ മമ്മൂട്ടിയുടെ കോലം കത്തിക്കുകയും അദ്ദേഹത്തിന്റെ സിനിമകളുടെ പ്രദർശനം തടയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവം കുറച്ച് മുമ്പ് ഉണ്ടായി. അതിന്റെ തുടർച്ച തന്നെയാണ് ബാംഗ്ലൂരിലും, മംഗലാപുരത്തും കാസർകോട്ടും മറ്റും അരങ്ങേറിയ കാപാലികതകൾ. സംഘ്പരിവാർ ഫാഷിസമൂട്ടി പരിശീലിപ്പിച്ചെടുത്ത, ആർ.എസ്.എസിലൂടെ വളർന്നുവന്ന പ്രമോദ് മുത്തലിക്കും അയാളുടെ നേതൃത്വത്തിലുള്ള ശ്രീരാമസേനയെന്ന അക്രമിസംഘവും ഹിന്ദുത്വത്തിന്റെ സാംസ്കാരിക ഫാഷിസത്തെയാണ് പ്രതിനിധീകരിക്കുന്നത്. സ്ത്രീകൾക്കും വിദ്യാർഥികൾക്കും ഹിന്ദു-മുസ്‌ലിം സൗഹൃദത്തിനുമെതിരെ നടത്തിയ അക്രമണങ്ങൾ, അവർ ശ്രീരാമസേനയല്ല രാവണ സേനയാണെന്ന് തെളിയിക്കുന്നു. നിയമനടപടികൾ ലഘൂകരിച്ചും പരോക്ഷമായി അംഗീകരിച്ചും ഭരണാധികാരികളും അവരുടെ പക്ഷം ചേരുന്നു. നാടുമുഴുവൻ ഇതാവർത്തിക്കുമെന്ന് പറഞ്ഞ് നിയമവ്യവസ്ഥയെ വെല്ലുവിളിക്കുകകൂടി ചെയ്യുമ്പോൾ സമൂഹത്തിന്റെ സൈ്വര്യ ജീവിതത്തിനും ജനാധിപത്യത്തിനും ഭീഷണിയുയർത്തുന്ന ഫാഷിസം തന്നെയാണവരുടെ പ്രത്യയശാസ്ത്രം എന്നു വ്യക്തം. ന്യൂനപക്ഷങ്ങളെയും ഇപ്പോൾ സിവിൽ സമൂഹത്തെത്തന്നെയുമാണവർ വേട്ടയാടിക്കൊണ്ടിരിക്കുന്നത്. സംഘ്പരിവാറിന്റെ അസഹിഷ്ണുതയുടെയും ജനാധിപത്യ വിരുദ്ധതയുടെയും ബഹിർസ്ഫുരണമാണിതെല്ലാം.

പാർലമെന്റും നിയമസഭകളും കോടതിയും പോലീസും വാർത്താമാധ്യമങ്ങളും സജീവമായി നിലനിൽക്കുന്ന ഒരു ജനാധിപത്യ മതനിരപേക്ഷ രാജ്യമായ ഇന്ത്യയിൽ ഹിന്ദുത്വഭീകരരുടെ അക്രമണം ഭയന്ന് മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം (മഫ്ത) ധരിച്ച് കോളേജിൽ വരരുതെന്ന് ഒരു കോളേജ് പ്രിൻസിപ്പൽക്ക് ഉത്തരവിറക്കേണ്ടി വരുന്നേടത്തോളം രാജ്യം സംഘ്പരിവാർ ഫാഷിസത്തിന് കീഴ്പ്പെട്ടു പോയിരിക്കുന്നു. ഹിന്ദുത്വ ഫാഷിസത്തെക്കുറിച്ച ഭയം അടക്കി ഭരിക്കുന്ന ഇന്ത്യൻ പൊതുസമൂഹം ഈ മഹാഭീഷണിക്കെതിരെ പ്രതികരിക്കാൻ മനസ്സില്ലാതെ മാളത്തിലൊളിക്കുന്നു. മംഗലാപുരത്തും കാസർകോട്ടും ശ്രീരാമസേന നടത്തിയ അക്രമണോത്സുകമായ അഴിഞ്ഞാട്ടങ്ങൾക്കെതിരെ പ്രതികരിക്കാതെ നിസ്സംഗരായി നിന്ന പൊതുസമൂഹത്തിലെ വലിയൊരു വിഭാഗത്തെ ഭയമാണ് ഭരിക്കുന്നതെന്നു പറയാം. എന്നാൽ പൊള്ളുന്ന മറ്റൊരു യാഥാർഥ്യം, അരിച്ചരിച്ചു കയറിയ ഫാഷിസം സമൂഹഗാത്രത്തിന്റെ വലിയൊരു ഭാഗത്തെയും കീഴ്പ്പെടുത്തിയിരിക്കുന്നുവെന്നതാണ്. കാക്കി ട്രൗസറും വെള്ള ഷർട്ടും നെറ്റിയിൽ ചുവന്ന കുറിയും കൈയിൽ കുറുവടിയുമില്ലാത്തവരും മനസിൽ അതൊക്കെ അണിയുകയും അക്രമണോത്സുകതയുടെ നീണ്ട രക്തക്കുറികൾ ഹൃദയത്തിൽ പൂശുകയും ചെയ്തുകൊണ്ടിരിക്കുന്നു. രണ്ടാണെങ്കിലും സംഘ്പരിവാർ ഫാഷിസം വിജയിച്ചുകൊണ്ടിരിക്കുകയാണെന്നതിൽ സംശയം വേണ്ടതില്ല. ബി.ജെ.പിയെ തെരഞ്ഞെടുപ്പിൽ തോൽപിച്ചാൽ അവസാനിപ്പിക്കാവുന്നതാണ് സംഘ്പരിവാറിന്റെ പ്രത്യയശാസ്ത്ര സ്വാധീനം എന്ന് ധരിക്കുന്ന മതേതരവാദവും മതബോധവും തൊലിപ്പുറമേ മാത്രം കാര്യങ്ങൾ കാണുന്നവരാണ്. ഒന്നോ രണ്ടോ തെരഞ്ഞെടുപ്പ് പരാജയവും താൽക്കാലികമായ ഭരണ നഷ്ടവുംകൊണ്ട് തകർന്നുപോകാത്തത്ര ബലത്തിലാണ് ഇന്ത്യയെ സംഘ്പരിവാർ സർപ്പം ചുറ്റിവരിഞ്ഞിരിക്കുന്നത്.

(തുടരും)

sadarvzkd@yahoo.co.in